ഗ്രന്ഥശാലാസാഹിത്യം

ലൈബ്രേറിയൻ

ആർ. മാധവപ്പൈ

ശ്രീ നരസിംഹവിലാസം ബുക്ക ഡിപ്പോ
ഉറവൂർ–T. C. S.
നാലണ

ലൈബ്രേറിയൻ

LIBRARIAN

R. Madhava Pai

Published 1948 December
Re-Printed 1955 December

SECOND IMPRESSION
1000 COPIES

THE SAHODARAN PRESS, ERNAKULAM

ലൈബ്രേറിയൻ

ആർ. മാധവപ്പൈ
തുറവൂർ

ശ്രീനരസിംഹവിലാസം ബുക്കഡിപ്പോ
തുറവൂർ – T. C. S.
നാലണ

മാധവപ്പിള്ളയുടെ കൃതികൾ

ദ്രോണർ	*
അമ്മായിഅമ്മ	***
സഹകരണ ദീപിക	*
വാസ്തുസഹായി	**
നമ്മുടെ സഹകരണസംഘങ്ങൾ	*
സഹകരണപ്രവേശിക	*
ജാലവിദ്യകൾ	**
അപരാധിനി	**
കളികൾ	*
സാഹിത്യകശലൻ ശേഷഗിരിപ്രഭു	**
ബാലാരാമം	*
ചരിത്രപാഠങ്ങൾ	***
എക്സ്റെ	**
സ്വധർമ്മസുധ	*
ലൈബ്രേറിയൻ	**
വയോജനവിദ്യാഭ്യാസം	*
ശ്രീമത് സുകൃതീന്ദ്രതീർത്ഥസ്വാമികൾ	*
ഫൗണ്ടൻപേന	*

* ഈ അടയാളം എത്ര പതിപ്പെന്നു കാണിക്കുന്നു.

അവതാരിക

നമ്മുടെ നാട്ടിലെ ഗ്രാമീണഗ്രന്ഥശാലാപ്രവത്ത കക്ക് പ്രായോഗികപരിജ്ഞാനം നൽകുന്നതിനു തികച്ചും ഉപകരിക്കുന്ന ഒരു ലഘു പ്രബന്ധമാണ് എൻെറ മാന്യ സ്നേഹിതൻ എഴുതിയിരിക്കുന്ന 'ലൈബ്രേറിയൻ'. ഗ്രന്ഥശാലാനടത്തിപ്പിൻെറ സാങ്കേതികവശങ്ങളെ പ്രതിപാദിക്കുന്ന ഇത്തരം ലഘുഗ്രന്ഥങ്ങൾ എഴുതി ഈ രാജ്യത്തെ സാമാന്യജനങ്ങളുടെ ഇടയിൽ ഗ്രന്ഥശാലാഭിരുചി വർദ്ധിപ്പിക്കുന്നതിനു അദ്ദേഹം തുടർന്നു പ്രവത്തിച്ചുകൊണ്ടിരിക്കുമെന്നു ഞാൻ ആശിക്കുന്നു. ഗ്രന്ഥശാലാപ്രസ്ഥാനവിഷയത്തിൽ മി. ആർ. മാധവപ്പൈ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന താല്പര്യവും അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന നിസ്തുല സേവനങ്ങളും ഇന്നാട്ടിൽ പലക്കും അറിവുള്ളതാണല്ലൊ. അദ്ദേഹത്തിൻെറ ഈവക പ്രവത്തനങ്ങളെ അഖില തിരുവിതാംകൂർ ഗ്രന്ഥശാലാസംഘത്തിലെ ഒരു പ്രവത്തകനെന്ന നിലയിൽ ഞാൻ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
10—4—1124

എം. തോമസ്, M. A. L. T.
യൂണിവേഴ്സിററി ലൈബ്രേറിയൻ.

അഭിപ്രായങ്ങളിൽ ചിലത് —

.... ശ്രീ. ആർ. മാധവപ്പൈ ലൈബ്രേറിയന്റെ കൃത്യ നിർവ്വഹണത്തെ സംബന്ധിച്ചിടത്തോളമുള്ള പല വിവരങ്ങളും ഈ ഗ്രന്ഥംവഴി നല്കുന്നു. ഗ്രന്ഥശാലാസംഘത്തിലെ ഒരു പ്രവർത്തകനെന്ന നിലയിൽ ഈ ഗ്രന്ഥനിർമ്മിതിക്ക് ചോദ്യരഹിതമായ അവകാശം അദ്ദേഹത്തിനുണ്ട്. അനുഭവങ്ങളുടെ അനുസ്മരണ ഇതിന് ആസ്വാദ്യത വർദ്ധിപ്പിക്കുന്നുമുണ്ട്. വായനശാലാപ്രവർത്തകന്മാർ മാത്രമല്ല സാമാന്യജനങ്ങളും ഇതിൽ പ്രതിപാദിക്കപ്പെടുന്ന വിവരങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്............

മലയാളരാജ്യം

.... ഗ്രാമീണ ഗ്രന്ഥശാലാപ്രവർത്തകർക്ക് പ്രായോഗിക പരിജ്ഞാനം നല്കുന്നതിന് തികച്ചും ഉപകരിക്കുന്ന ഒരു ലഘു ഗ്രന്ഥമാണിത്........

സഹകരണയുഗം

........ഒരു ഗ്രന്ഥശാലയിലെ ലൈബ്രേറിയൻ എങ്ങനെയെല്ലാമുള്ള ആളായിരിക്കണം എന്നു വ്യക്തമാക്കുന്ന ഒരു ലഘു ഗ്രന്ഥമാണിത്........ലൈബ്രേറിയന്മാർ മാത്രമല്ല ഗ്രന്ഥശാലാ പ്രസ്ഥാനത്തിൽ എന്തെങ്കിലും താല്പര്യമുള്ള ഓരോരുത്തനും ഇതൊന്നുവായിക്കുകതന്നെവേണം........

പ്രതാപ്

........ഒരു ലൈബ്രേറിയൻ അറിഞ്ഞിരിക്കേണ്ട പല സംഗതികളും ഈ ചെറുബുക്കിൽ വ്യക്തപ്പെടുത്തിയിരിക്കുന്നു. ഓരോ ലൈബ്രറിയിലും ഇതിന്റെ കോപ്പികൾ ഉണ്ടായിരിക്കേണ്ടതാണ്........

വിദ്യാഭിവർദ്ധിനി

........ഗ്രന്ഥശാലയുടെ നട്ടെല്ലായിരിക്കേണ്ട ലൈബ്രേറിയന്റെ കൃത്യങ്ങളെ പൂർണ്ണവിജയത്തിലേക്കു നയിക്കാൻ വേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ നല്കുന്ന മറ്റൊരു ഗ്രന്ഥവും മലയാളത്തിൽ ഇല്ലതന്നെ........ഗ്രന്ഥശാലയുടെ നടത്തിപ്പുകാരുടേയും ലൈബ്രേറിയൻപദം ആഗ്രഹിക്കുന്നവരുടേയും സവിശേഷമായ പഠനത്തിന് ഈ ഗ്രന്ഥം ശുപാർശചെയ്തുകൊള്ളുന്നു........

ഗ്രാമസ്വരാജ്

ലൈബ്രേറിയൻ

പ്രവൎത്തകരിൽ പ്രധാനി

പ്രസിഡൻറ്, സെക്രട്ടറി, ഖജാൻജി, ഭരണസമിതിയംഗങ്ങൾ എന്നിങ്ങനെ ഗ്രന്ഥശാലയുടെ പ്രവൎത്തകന്മാരായി വേറെയും പലരും ഉണ്ടായിരിക്കുമെങ്കിലും ഒരു ഗ്രന്ഥശാലയുടെ അഭിവൃദ്ധിക്ക് പ്രധാനനിദാനമായിത്തീരുന്ന ഏകവ്യക്തി ലൈബ്രേറിയൻ ആണെന്നുള്ളതു് സമ്മതിക്കാതിരിപ്പാൻ ആൎക്കും സാധിക്കുകയില്ല. ഉപദേശങ്ങൾകൊണ്ടു് സ്ഥാപനത്തെ അനുഗ്രഹിക്കാൻ കഴിവുള്ള ഒരു ബഹുമാന്യവ്യക്തിയായിരിക്കും മിക്കപ്പോഴും പ്രസിഡന്റ്‌സ്ഥാനം വഹിക്കുന്നതു്. ഒരു എക്സിക്യൂട്ടീവ് ആഫീസറെന്ന നിലയിൽ ഗ്രന്ഥശാല സംബന്ധിച്ച എല്ലാ കാൎയ്യങ്ങളിലും ഇടപെടുകയും വേണ്ട എഴുത്തുകുത്തുകൾ നടത്തുകയും കമ്മിററിയോഗങ്ങൾ വിളിച്ചുകൂട്ടുകയും അവയുടെ തീരുമാനങ്ങൾ നടപ്പിൽ വരുത്തുകയും മററും ചെയ്യുന്ന ഒരു പൊതുപ്രവൎത്തകനത്രെ സെക്രട്ടറി. മിക്കപ്പോഴും വരവിൽ കവിഞ്ഞ ചെലവോടുകൂടിയ, അത്യാവശ്യമായ ചെലവിനങ്ങൾക്കുവേണ്ടിപ്പോലും തുകകൾ പ്രതീക്ഷിച്ചുകൊണ്ടു കഴിയുന്ന സ്ഥാപനങ്ങ

ളാണു് ഗ്രന്ഥശാലികൾ എന്ന സ്ഥിതിക്കു്, കാര്യമായ ചുമതലയൊന്നും വഹിക്കേണ്ടതായില്ലാതെ നാമമാത്രമായ നിലയിൽ കഴിഞ്ഞുകൂടിയാൽ മതിയാകുന്ന ഒരാളായിരിക്കും ഖജാൻജി. ഒരുപക്ഷേ, ഖജാൻജി പണച്ചുമതല വഹിക്കേണ്ടിവരത്തക്ക ചുററുപാടുകൾ ഉണ്ടായാൽതന്നെയും ഒരു വായനശാലാപ്രവർത്തകനായിരിക്കാൻ വേണ്ട കഴിവിനെക്കാൾ, ധനപരമായ കാര്യങ്ങളിലെ സത്യസന്ധത, വിശ്വാസയോഗ്യത, കണിശം മുതലായ യോഗ്യതകളെപ്പററിയേ ഖജാൻജിയുടെ തിരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം സാധാരണ ശ്രദ്ധിക്കാറുള്ളു. ഗ്രന്ഥശാലാപ്രവർത്തനം സംബന്ധിച്ചുള്ള സാധാരണ നടപടികളെപ്പററി ചില സന്ദർഭങ്ങളിൽ കൂടിയാലോചിച്ചു് വേണ്ട തീരുമാനങ്ങൾ ചെയ്യുന്ന, അഥവാ അതിലേക്ക ബാദ്ധ്യതപ്പെട്ട ഏതാനും ആളുകളത്രെ ഭരണസമിതിയംഗങ്ങൾ. ഇക്കൂട്ടരെല്ലാം ഗ്രന്ഥശാലയെപ്പററി ചിന്തിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ആ ചിന്തനവും പ്രവർത്തനവുമെല്ലാം സ്ഥാപനത്തെ പൊതുവായും പൂർണ്ണരൂപത്തിലും സ്പർശിക്കുന്നതുമാത്രമാണു്. ഗ്രന്ഥശാലയുടെ ഓരോ ഘടകത്തെപ്പററിയും സസൂക്ഷ്മം ആരായുവാനും അവയുമായി നേരിട്ടുള്ള സമ്പർക്കത്തിൽ കഴിയുവാനും അവർക്കു് അവസരമോ സന്ദർഭമോ പ്രായേണ ലഭിക്കാറില്ല. അതിനുള്ള ഭാഗ്യംമുഴുവൻ ലൈബ്രേറിയനാണു് സിദ്ധിക്കുന്നതു്. തന്മൂലം എല്ലാ ഘടകങ്ങളേയും സമർത്ഥമാംവണ്ണം

അഭിമുഖീകരിക്കുന്നതിനുള്ള ചുമതലയും ലൈബ്രേറിയനിൽത്തന്നെ സ്ഥിതിചെയ്യുന്നു.

നന്മയ്ക്കും തിന്മയ്ക്കും അവകാശി

ഒരു ഗ്രന്ഥശാലയിലെ പ്രധാനസമ്പത്ത് അവിടെ സംഭരിച്ചിട്ടുള്ള ഗ്രന്ഥസഞ്ചയമാണല്ലോ. അതു മുഴുവനും ലൈബ്രേറിയന്റെ കൈകാര്യകർത്തൃത്വത്തിൽ നിലകൊള്ളുന്നു. ആ സമ്പത്തിന്റെ ഉപഭോക്താക്കൾ ഗ്രന്ഥശാലയിലെ അംഗങ്ങളും, അംഗങ്ങളായിത്തീർന്നിട്ടില്ലെങ്കിലും ആ ഗ്രന്ഥശാലയെ ആശ്രയിച്ച് ജ്ഞാനതൃഷ്ണ ശമിപ്പിക്കുന്ന പൊതുജനങ്ങളും ആകുന്നു. അവരുമായി സന്തതസമ്പർക്കത്തിൽ കഴിഞ്ഞുകൂടുവാനുള്ള സൗകര്യം ലഭിക്കുന്നത് ലൈബ്രേറിയനുതന്നെ. ഗ്രന്ഥശാലയുടെ പ്രസിഡന്റോ സെക്രട്ടറിയോ ഖജാൻജിയോ ആരെല്ലാമെന്ന് യാതൊരു നിശ്ചയവുമില്ലാത്ത അവിടത്തെ ഏതു വായനക്കാരനും ആ ഗ്രന്ഥശാലയിലെ ലൈബ്രേറിയൻ ആരെന്നു നല്ല നിശ്ചയമുണ്ടായിരിക്കും. ഗ്രന്ഥശാലയിൽനിന്ന് ഏതെങ്കിലും പ്രയോജനം നേടുവാനാശിക്കുന്ന ഏതൊരാളും മിക്കപ്പോഴും ലൈബ്രേറിയനെയാണ് സമീപിക്കേണ്ടിവരുന്നത്. ഗ്രന്ഥശാലാ ശരീരത്തിന്റെ ഹൃദയം, ഗ്രന്ഥശാലാ മന്ദിരത്തിന്റെ നെടുംതൂൺ, ഗ്രന്ഥശാലാ പ്രവർത്തനത്തിന്റെ ഗരിഷ്ഠകേന്ദ്രം, ഇതെല്ലാം ലൈബ്രേറിയൻ തന്നെയാണെന്നുള്ളതു് സ്പഷ്ടമാണ്.

ശരീരത്തിലെ അവയവങ്ങൾ എത്രതന്നെ ബല വത്തരങ്ങളായിരുന്നാലും ഹൃദയം ദുർബ്ബലമോ രോഗ ഗ്രസ്തമോ ആയിത്തീർന്നാൽ ആ ശരീരം മുഴുവനായി അചിരേണ നിലംപതിക്കുകയേ ഉള്ളൂ. ഒരു നെടും പന്തലിന്റെ വിവിധഭാഗങ്ങൾ എങ്ങനെയെല്ലാം ഉറച്ചിരുന്നാലും അതിന്റെ നെടുംതൂൺ ദ്രവിച്ചതാണെങ്കിൽ ആ പന്തൽ മുഴുവൻ മറിച്ചിടുന്നതിനു് ഒരു ചെറിയ കാററിനു കഴിയും. ഇതുപോലെതന്നെ പ്രസിഡണ്ടോ സെക്രട്ടറിയോ ഖജാൻജിയോ മററു ഭരണ സമിതിയംഗങ്ങളോ എന്തെല്ലാം യോഗ്യതകളും കഴിവുകളും ഉള്ളവരായിരുന്നാലും ഒരു ഗ്രന്ഥശാലയിലെ ലൈബ്രേറിയൻ അശക്തനോ ആത്മാർത്ഥതാശൂന്യനോ അലസനോ ആയിത്തീരുന്നപക്ഷം ആ സ്ഥാപനം അധഃപതിക്കുകയേ ഉള്ളൂ. ഈ പരമാർത്ഥം ഓരോ ലൈബ്രേറിയനും ശരിക്കു മനസ്സിലാക്കുന്നുവെങ്കിൽ അതു തന്നെയാണു് ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ വമ്പിച്ച വിജയത്തിനു നിദാനമായിത്തീരുക.

ഗ്രന്ഥാലയത്തിലെ അമൂല്യസമ്പത്തായ ഗ്രന്ഥ സഞ്ചയം ലൈബ്രേറിയന്റെ അധീനതയിൽ ഇരിക്കുന്നു. അതിനെ ഉപയോഗിക്കുകയും പരിപാലിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതു് ലൈബ്രേറിയനാണു് ഗ്രന്ഥങ്ങൾ സൗകര്യപ്രദമായ വിധത്തിൽ തരംതിരിക്കുക, കേടുപാടുകൾ കൂടാതെ സൂക്ഷിക്കുക, വായനക്കാരുടെ ഇടയിൽ വിതരണം ചെയ്യുക, പോരാത്ത ഗ്രന്ഥങ്ങൾ സംഭരിക്കുവാൻ

ശ്രമിക്കുക ഇതെല്ലാം ലൈബ്രേറിയൻെറ ചുമതലയിൽപ്പെടുന്നു. ഈ ചുമതലകളെല്ലാം എത്രമാത്രം ഭംഗിയായും സഫലമായും ലൈബ്രേറിയൻ നിർവ്വഹിക്കുന്നുവൊ അത്രയും അഭിവൃദ്ധി ലൈബ്രറിക്കുണ്ടാകും. ഈക്കാര്യങ്ങളിൽ എത്രത്തോളം അലസത കാണിക്കുന്നുവോ അത്രത്തോളം സ്ഥാപനം അധഃപതിക്കുകയും ചെയ്യും.

ഗ്രന്ഥശിശുക്കളുടെ സംരക്ഷകൻ

ഒരു ഗ്രന്ഥശാലയിലെ ലൈബ്രേറിയൻ എത്രത്തോളം സമർത്ഥനാണെന്നുള്ളത് ആ ഗ്രന്ഥശാലയിൽ ഗ്രന്ഥങ്ങൾ സൂക്ഷിച്ചിരിക്കുന്ന രീതിയിൽനിന്നുതന്നെ അനുമാനിക്കാൻ കഴിയുന്നതാണ്. വളരെ ലോലവും ഉറപ്പുകുറഞ്ഞതുമായ പദാർത്ഥമാണല്ലൊ പുസ്തകം. മലയാള പുസ്തകങ്ങൾ വിശേഷിച്ചും തീരെ ദുർബ്ബലങ്ങളാണ്. കട്ടിയുള്ള ബയൻറ് മിക്കതിനും കാണുകയില്ല. എത്രവേഗം നശിച്ചുപോകുന്ന പുസ്തകങ്ങൾ തയ്യാറാക്കാമോ അത്രയും നന്ന് എന്നത്രെ മലയാളത്തിലെ പ്രസാധകൻെറ പക്ഷം. ഒരു പുസ്തകം മോശപ്പെട്ടുപോയാൽ വീണ്ടുമൊരു പ്രതി ചെലവാകുമെന്നയാൾ കരുതുന്നു. ആ വ്യാപാരതന്ത്രം പുസ്തകങ്ങളെ തീരെ ദുർബ്ബലങ്ങളാക്കിത്തീർക്കുന്നു. ആ ലോലവസ്തുക്കളുമായിട്ടാണ് ലൈബ്രേറിയൻ എപ്പോഴും പെരുമാറേണ്ടിയിരിക്കുന്നത്. അയാൾ മാത്രമാണ് അവയുമായി പെരുമാറുന്നതെങ്കിൽ തരക്കേടില്ലായിരുന്നു. എത്ര

യോ വായനക്കാരുടെ കൈകളിൽക്കൂടിയും ആ പുസ്തകങ്ങൾ കടന്നുപോകേണ്ടതുണ്ടു്. ആ ഗ്രന്ഥശാലയിലെ അംഗങ്ങൾ മാത്രമല്ല ഗ്രന്ഥപാരായണത്തിൽ അവരെ ആശ്രയിച്ചു കഴിയുന്ന ഒട്ടേറെ "ചക്കാത്തു വായനക്കാർ" കൂടി ആ പുസ്തകങ്ങൾ പെരുമാററം ചെയ്യുന്നു. വായനക്കാരിൽ അധികംപേരും വായിക്കാൻ വശമുണ്ടെങ്കിലും പുസ്തകം സൂക്ഷിക്കാൻ വശമില്ലാത്തവരായിരിക്കും. തന്മൂലം ഒരു പ്രാവശ്യത്തെ സഞ്ചാരം കഴിഞ്ഞു് തിരിച്ചെത്തുമ്പോൾതന്നെ പുസ്തകം മിക്കവാറും മോശപ്പെട്ടുപോകും. അതിൻെറ പിന്നീട്ടുള്ള ഗതിമുഴുവൻ ലൈബ്രേറിയൻെറ പരിചരണത്തെ ആശ്രയിച്ചിരിക്കുന്നു. സ്വന്തം പൈതങ്ങളെ വാത്സല്യസമേതം സംരക്ഷിക്കുന്ന മാതാവിനെപ്പോലെ അത്ര സ്നേഹത്തോടും താല്പര്യത്തോടുംകൂടി ആ പുസ്തകങ്ങളെ സംരക്ഷിക്കാൻ ലൈബ്രേറിയൻ ഒരുങ്ങിയാൽ മാത്രമേ അവയ്ക്കു് ദീർഘായുസ്സുണ്ടാവുകയുള്ളു. ആരാൻെറ മുതലെന്ന ഭാവത്തിൽ കഴിയുന്ന വായനക്കാരനെപ്പോലെതന്നെ ലൈബ്രേറിയനും അലക്ഷ്യമായ ഭാവത്തിലാണു് അവയോടു പെരുമാറാൻ തയ്യാറാകുന്നതെങ്കിൽ പിന്നത്തെ കഥ പറയുവാനേ ഇല്ല. മൂന്നുമാസത്തെ ആയുസ്സുപോലും ഒരു പുസ്തകത്തിനുമുണ്ടാവുകയില്ല. ആയിരമോ രണ്ടായിരമോ പുസ്തകങ്ങളുള്ള ഒരു ഗ്രന്ഥശാലയാണെങ്കിൽത്തന്നെയും ഇത്തരം ആത്മാർത്ഥതാശൂന്യനായ ഒരു ലൈബ്രേറിയൻെറ കൈയിൽ അകപ്പെട്ടാൽ അചിരേണ വായി

ക്കാൻ കൊള്ളാവുന്നതരത്തിലുള്ള പുസ്തകങ്ങൾ ശേഷിക്കാത്ത ഒന്നായിത്തീരുകയേ ഉള്ളൂ.

പുസ്തകങ്ങളുടെ പെരുമാററം

പുസ്തകങ്ങൾ സൂക്ഷിക്കുന്ന കാൎയ്യത്തിൽ ലൈബ്രേറിയൻ വളരെ ശ്രദ്ധാലുവായിരിക്കണമെന്നാണ് ഇത്രയുംകൊണ്ടു സിദ്ധിക്കുന്നതു്. ഒന്നാമതു് അയാൾ സ്വയം വളരെ ശ്രദ്ധയോടുകൂടിയേ പുസ്തകങ്ങളുമായി പെരുമാറാവൂ. രണ്ടാമതു് അവയെ വായിക്കാൻവേണ്ടി വാങ്ങിക്കൊണ്ടുപോകുന്നവൎക്കു് വേണ്ട നിൎദ്ദേശങ്ങൾ കൊടുക്കുവാൻ അയാൾ തയ്യാറാകണം. പുസ്തകം മോശപ്പെടുത്തിയാലുള്ള ഭവിഷ്യത്തുകളെപ്പററി നിയമത്തിൽ ചിലതൊക്കെ വ്യവസ്ഥചെയ്തിട്ടുണ്ടാവും. എന്നാൽ ആ വ്യവസ്ഥയെ ഭയപ്പെട്ടുകൊണ്ടല്ല, ഒരു ശീലമെന്നപോലെതന്നെ പുസ്തകങ്ങൾ വളരെ സൂക്ഷ്മതയോടും താല്പൎയ്യത്തോടുംകൂടി സൂക്ഷിക്കുവാൻ വായനക്കാരെ പ്രേരിപ്പിക്കണം. അതിനവരെ ഉത്സാഹിപ്പിക്കയും വേണം. പുസ്തകം കൈയിലെടുക്കുമ്പോഴും അതു തുറക്കുമ്പോഴും പുസ്തകവുമായി നടക്കുമ്പോഴും അയാൾ എങ്ങനെയെല്ലാമാണ് അതുമായി ഇടപെടുന്നതു് എന്നു് സൂക്ഷിച്ചുനോക്കുകയും ഓരോ അവസരത്തിലും അക്കാൎയ്യത്തിൽ സ്നേഹപൂൎവ്വം—ഒരിക്കലും അധികാരപൂൎവ്വമായിരിക്കരുതു്—നിൎദ്ദേശങ്ങൾ നല്കുകയും ചെയ്യണം. ഒരു ഗ്രന്ഥശാലയിലെ പുസ്തകങ്ങൾ പൊതുമുതൽ ആണെന്നും അവയെ ഏററവും കരുത

ലോടെ സൂക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്യേണ്ടതു് ഓരോരുത്തൻെറയും കൎത്തവ്യമാണെന്നും ഉള്ള ഒരു ബോധമാണു് പൊതുവിൽ ഉളവാക്കേണ്ടതു്. ഗ്രന്ഥശാലയുടെ സ്വത്തു് അതിലുള്ള പുസ്തകങ്ങളാണെന്നും ആ പുസ്തകങ്ങൾ അധികംകാലത്തേക്കു് ഇരിക്കത്തക്ക വിധത്തിലല്ല അവയുമായി നാം പെരുമാറുന്നതെങ്കിൽ അതു് സ്ഥാപനത്തെത്തന്നെ അല്പാല്പമായി ഹോമിച്ചുകളയുന്നതിനു തുല്യമായ ഒരു പ്രവൃത്തിയായിരിക്കുമെന്നും ഉള്ള ബോധം അംഗങ്ങൾക്കുണ്ടാകണം. ഗ്രന്ഥശാലയിൽ പുതുതായി ചേരുന്ന അംഗങ്ങളോടു് ഒന്നുരണ്ടു മാസക്കാലം ഈ രൂപത്തിൽ സംസാരിക്കയും അവർ വായിച്ചുകഴിഞ്ഞു് കൊണ്ടുവരുന്ന പുസ്തകങ്ങളെ സസൂക്ഷ്മം പരിശോധിച്ചു് പോരായ്മകൾ അപ്പഴപ്പോൾ അവരെ മനസ്സിലാക്കിക്കൊടുക്കുകയും ചെയ്താൽ ക്രമേണ അവരെല്ലാം അക്കാൎയ്യത്തിൽ താല്പൎയ്യമുള്ളവരായിത്തീരും. എത്ര ഗുണദോഷിച്ചാലും ശ്രദ്ധിക്കാത്തവരും മനഃപൂൎവ്വമെന്നപോലെ അലക്ഷ്യമായി പെരുമാറുന്നവരും ആയ അംഗങ്ങളെ സംബന്ധിച്ചു് നിയമപ്രകാരം പെരുമാറുകയും സ്ഥാപനത്തെ കെടുത്തുന്ന അത്തരം അംഗങ്ങൾ സ്ഥാപനത്തിനു് ആവശ്യമില്ലെന്നുറപ്പിക്കുകയും ചെയ്യേണ്ടതും അത്യാവശ്യമാകുന്നു.

ഗ്രന്ഥശേഖരത്തിൻെറ ക്രമീകരണം

പിച്ചിക്കീറിയ കടലാസുകഷണങ്ങൾ ചവററുകുട്ടയിൽ വലിച്ചെറിയുന്നതുപോലെ പുസ്തകങ്ങളെയെ

ല്ലാം അലമാരിയിൽ അങ്ങിങ്ങായി വലിച്ചെറിഞ്ഞു് കുന്നുകൂട്ടിയിടുന്നതായി ചില സ്ഥലങ്ങളിൽ കാണപ്പെടുന്നുണ്ടു്. അക്കൂട്ടത്തിൽനിന്നു് ഒരു പുസ്തകം തിരഞ്ഞെടുക്കണമെങ്കിൽ ഇരുപതോ മുപ്പതോ മിനിട്ടുവരെ ചിലവാക്കേണ്ടിവരും. എന്നുമാത്രമല്ല അതിനിടയ്ക്കു് മററു ചില പുസ്തകങ്ങൾക്കു് ചില കേടുപാടുകളൊക്കെ സംഭവിക്കാതെയും ഇരിക്കുകയില്ല. ഒരു ഗ്രന്ഥശാലയെ സംബന്ധിച്ചിടത്തോളം ആത്മഹത്യാപരമായ ഒരു പ്രവൃത്തിയാണിതു്. പുസ്തകങ്ങളെല്ലാം എപ്പോഴും ഭംഗിയായി അടുക്കിവെച്ചിരിക്കണം മൂടെല്ലാം ഒരേ നിരപ്പിൽ വരത്തക്കവിധത്തിൽ അല്പമൊരു അയവോടുകൂടി പുസ്തകങ്ങൾ ഷെൽഫിലോ അലമാരിയിലോ അടുക്കിവെച്ചിരിക്കുന്നതു് കാര്യത്തിനും കാഴ്ചയ്ക്കും ഒരുപോലെ ഗുണപ്രദമാകുന്നു. ഓരോ പുസ്തകവുമായും വേണ്ടത്ര പരിചയം സിദ്ധിക്കുകയും എല്ലാ പുസ്തകങ്ങളും ക്രമമായി അടുക്കിവയ്ക്കുകയും ചെയ്തിട്ടുള്ള ഒരു ലൈബ്രേറിയനു് ഏതു പുസ്തകവും നിഷ്പ്രയാസം വലിച്ചെടുക്കുവാനും ഏതു പുസ്തകവും പ്രയാസം കൂടാതെ യഥാസ്ഥാനത്തു വയ്ക്കുവാനും കഴിയുന്നതാണു്. നൂറിനുമേൽ കള്ളികളുള്ള അച്ചടിശാലയിലെ കേസ്ബോക്സിൽ ഓരോ അക്ഷരവും കിടക്കുന്ന കള്ളിയിൽ ഒരു കമ്പോസിറററുടെ കൈ നിഷ്പ്രയാസം ചെല്ലുന്നു. അങ്ങാടിമരുന്നുകൾ വില്ക്കുന്ന ഒരുവൻ ഇരുട്ടത്തുപോലും അയാളുടെ വലിയപെട്ടിയിലെ കള്ളികളിൽനിന്നു് ഉദ്ദേശിച്ച സാധനം പ്ര

യാസം കൂടാതെ എടുക്കുന്നു. പരിചയംകൊണ്ടു് അവക്കൊക്കെ സാധിക്കുന്നതുപോലെ തന്നെ ഒരു ലൈബ്രേറിയനും പുസ്തകങ്ങൾ കൈകാര്യം ചെയ്യാൻ സാധിക്കാവുന്നതാണു്. അനുക്രമമായി പുസ്തകങ്ങൾ അടുക്കിവച്ചിരിക്കുക, വായിച്ചുകഴിഞ്ഞു് തിരിച്ചു കൊണ്ടുവരുന്ന പുസ്തകങ്ങൾ അപ്പഴപ്പോൾ തന്നെ യഥാസ്ഥാനങ്ങളിൽ വയ്ക്കുക, അവസരം കിട്ടുമ്പോൾ അടുക്കിന്റെ ക്രമം ശരിയോ എന്നും വല്ല പിശകും പററിയിട്ടുണ്ടോ എന്നും പരിശോധിച്ചു് പിശകുണ്ടെങ്കിൽ ഉടനുടൻ തീർക്കുക, ഇങ്ങനെ അടുക്കിന്റെ ഭദ്രത പാലിച്ചാൽ ഏതു പുസ്തകവും ഏതവസരത്തിലും നിഷ്പ്രയാസം എടുക്കുവാൻ ലൈബ്രേറിയനു സാധിക്കും.

വർഗ്ഗീകരണം

പുസ്തകങ്ങളുടെ തരംതിരിപ്പാണു് മറെറാരു കാര്യം. ഗ്രന്ഥങ്ങളെ ശാസ്ത്രീയമായി തരംതിരിക്കുന്നതിലേക്കു് പററിയ പല രീതികളും നടപ്പിൽ വന്നുകഴിഞ്ഞിട്ടുണ്ടു്. ഒട്ടേറെ ഗ്രന്ഥങ്ങൾ ഗ്രന്ഥശാലയിൽ ശേഖരിച്ചു കഴിഞ്ഞാൽ അവയെ തരംതിരിക്കേണ്ടതു് ആവശ്യമാണു്. പുസ്തകങ്ങളുടെ എണ്ണം ആയിരത്തിൽ കുറഞ്ഞിരിക്കുമ്പോൾ അത്തരം തരംതിരിപ്പു് ഫലപ്രദമാകയില്ല. സാമാന്യമായ തരംതിരിപ്പുകൊണ്ടു് തൃപ്തിപ്പെടുവാനേ അവിടെ സാധ്യമാകൂ. വിവിധഭാഷകളിലെ ഗ്രന്ഥങ്ങൾ ഗ്രന്ഥശാലയിൽ ഉണ്ടായിരിക്കുമ്പോൾ അവയെ ഭാഷതിരിച്ചു് ക്രമപ്പെടുത്തുക

യാണു് ആദ്യം വേണ്ടിയിരിക്കുന്നതു്. ഓരോ ഭാഷയ്ക്കും ഓരോ സ്ഥാനം പ്രത്യേകമായി നിശ്ചയിക്കണം. ഒരേ ഭാഷയിലെ ഗ്രന്ഥങ്ങൾ തന്നെയും കവിത, ചെറുകഥ, നോവൽ, ജീവചരിത്രം, നാടകം തുടങ്ങിയുള്ള വിവിധവകുപ്പുകളായിത്തിരിക്കണം. ഗ്രന്ഥങ്ങളുടെ ഈതരംതിരിപ്പിൽ സാമാന്യത്തിൽകവിഞ്ഞ ഗ്രന്ഥപരിചയം ആവശ്യമായി വരും. ഗ്രന്ഥശാലയിൽ ഉള്ളവയും കാലക്രമത്തിൽ ലഭ്യമായിക്കൊണ്ടിരിക്കുന്നവയുമായ സകല ഗ്രന്ഥങ്ങളെപ്പററിയും ലൈബ്രേറിയനു് സാമാന്യമായ ജ്ഞാനമുണ്ടായിരിക്കേണ്ടതു് ആവശ്യമാണു്. ആ ജ്ഞാനം ഗ്രന്ഥങ്ങളുടെ തരംതിരിപ്പിനു മാത്രമല്ല പാരായണക്കാരെ സൽഗ്രന്ഥപാരായണത്തിനു് പ്രേരിപ്പിക്കാനും കൂടി ഉതകും. ഒരു ഗ്രന്ഥശാലയിൽ ഗ്രന്ഥസഞ്ചയം യഥോചിതം തരംതിരിച്ചു ക്രമപ്പെടുത്തിയിരിക്കയും ഭംഗിയായി അടുക്കിയിരിക്കുകയുംചെയ്തിരിക്കുന്നതായിക്കണ്ടാൽ അവിടത്തെ ലൈബ്രേറിയൻ അഭിനന്ദനാർഹമാംവണ്ണം സമർത്ഥമായി കൃത്യനിർവഹണം ചെയ്യുന്ന ഒരാളാണെന്നു് സാമാന്യമായി വിശ്വസിക്കാവുന്നതാണു്.

അംഗങ്ങളോടുള്ള പെരുമാററം

ലൈബ്രേറിയൻെറ സന്തതസഹചാരികളായ ഗ്രന്ഥങ്ങളുമായുള്ള അയാളുടെ പെരുമാററത്തെപ്പററിയാണു് ഇതുവരെ പ്രസ്താവിച്ചതു്. ഇനി ആ ഗ്രന്ഥങ്ങളെ ഉപയോഗിക്കുവാൻ വരുന്ന പാരായണക്കാരുമായി

ഇടപെടുന്ന വിഷയത്തിൽ അയാൾ ഏതെല്ലാംവിധ ത്തിൽ ശ്രദ്ധാലുവായിരിക്കണമെന്നുള്ളതിനെപ്പററി ചിന്തിക്കാം. പുസ്തകം വായിക്കാൻ ആഗ്രഹിക്കുന്നവർ ലൈബ്രേറിയനെ സമീപിക്കുന്നു. ഗ്രന്ഥശാലയിൽ മററതെല്ലാം ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നാലും പാരായണക്കാർക്കെല്ലാം പരിചിതനായ ഒരാൾ ലൈബ്രേറിയൻ മാത്രമാണു്. തന്മൂലം അയാളുടെ പെരുമാററത്തെ ആധാരമാക്കിമാത്രമത്രേ ആ സ്ഥാപനത്തെപ്പററി അവരെല്ലാം അഭിപ്രായം രൂപവല്ക്കരിക്കുക. അവരെ സ്ഥാപനത്തിലേക്കാകർഷിക്കുവാനും ആ ആകർഷണം തുടർന്നുകൊണ്ടിരിക്കാനും ലൈബ്രേറിയൻെറ പ്രകൃതം ശക്തമായിത്തീരും. മറിച്ചും, അതേ തരത്തിൽ ശക്തമായഫലം തന്നെ ലൈബ്രേറിയൻ മൂലമുണ്ടാകാം. വായനക്കാരുമായി ഏററവും സൗമ്യമായ നിലയിൽ ഇടപെടുക; അവരോടു് വളരെ സ്നേഹഭാവത്തിൽ സംസാരിക്കുക: സാധിക്കുന്നിടത്തോളം അവരാവശ്യപ്പെടുന്ന പുസ്തകങ്ങൾ കൊടുക്കുക; ആ പുസ്തകങ്ങൾ ഇല്ലാതിരിക്കുന്ന അവസരമാണെങ്കിൽ അനുഭാവപൂർവ്വം വിവരം അവരെ അറിയിക്കുക; അവക്കു് അപരിചിതങ്ങളും എന്നാൽ അവരുടെ അഭിരുചിക്കനുസൃതമായിട്ടുള്ളവയുമായ പുതിയ ഗ്രന്ഥങ്ങളെപ്പററി അവരുമായി സംസാരിക്കുക; വെറും കഥാപ്രിയർ മാത്രമാണവരെങ്കിൽ വിജ്ഞാനപ്രദങ്ങളായ മററു ഗ്രന്ഥങ്ങൾകൂടി വായിക്കുവാൻ അവരെ പ്രേരിപ്പിക്കുക; ചിലപ്പോൾ അവർ വായിച്ചു് മടക്കിക്കൊണ്ടു

വരുന്ന പുസ്തകത്തിലെ ഉള്ളടക്കത്തെപ്പററി അവരുമായി സംസാരിക്കുക; എന്നിങ്ങനെയുള്ള മാർഗ്ഗങ്ങളിൽക്കൂടി അവരുടെ ഉററമിത്രമായിത്തീരുവാൻ ലൈബ്രേറിയനു സാധിക്കും. മദ്യപാനം, കഞ്ചാവുകുടി തുടങ്ങിയ ചില ശീലങ്ങളേപ്പോലെ ഒരുതരം ലഹരിപിടിപ്പിക്കുന്ന ഇടപാടാണു് പാരായണാസക്തി എന്നു് ഒരു രസികൻ പറയുകയുണ്ടായി. അതു് ഏറക്കുറെ പരമാർത്ഥമാണു്. പതിവായി മദ്യം സേവിക്കുന്നവനു് ആ സമയമാകുമ്പോൾ മദ്യം കിട്ടിയില്ലെങ്കിൽ ഒരു മാതിരി 'പരവേശം' തുടങ്ങും. കറപ്പുതീററിക്കാരൻ സമയം തെററിയാൽ വീണുപോകുക തന്നെ ചെയ്യും. ഇതുപോലെ ഒരു വായനാപ്രിയൻ പതിവായി എന്തെങ്കിലും വായിക്കാൻ കിട്ടിയില്ലെങ്കിൽ വല്ലാതെ വിഷമിക്കും. അവൻെറ ആ താല്പര്യത്തെ അവനും ലോകത്തിനും പ്രയോജനപ്പെടത്തക്ക വിധത്തിൽ പോഷിപ്പിക്കുകയും നേരായ മാർഗ്ഗത്തിലേയ്ക്കു് തിരിച്ചുവിടുകയും ചെയ്യുന്നതിനുള്ള ധാർമ്മികമായ ഒരു ചുമതല ഒരു ലൈബ്രേറിയനുണ്ടു്. ആ ചുമതല ശരിക്കു നിറവേററുന്ന ഒരു ലൈബ്രേറിയൻ ലോകോപകാരിയാണെന്നുള്ളതിനു സംശയമില്ല. അത്തരം ഒരു ലൈബ്രേറിയൻ ജോലിചെയ്യുന്ന ഗ്രന്ഥശാലയിൽ ആളുകൾ തിങ്ങിക്കൂടുകതന്നെ ചെയ്യും.

മറിച്ചായാലുള്ള അനുഭവം

"മനുഷ്യപ്പററില്ലാത്തവൻ" എന്നു സാധാരണ ഭാഷയിൽ പറയുന്ന തരത്തിലുള്ള ഒരുവനാണു് ലൈ

ബ്രേറിയനായിരിക്കുന്നതെങ്കിൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെപ്പററി ഒന്നു ചിന്തിച്ചുനോക്കുക. വായനക്കാർ വരുന്നതു് തന്നെ ഉപദ്രവിക്കാനാണെന്നായിരിക്കും അയാളുടെ ഭാവം. അങ്ങനെയുള്ളവരെ അധികമാരും സമീപിക്കയേ ഇല്ല അഥവാ വല്ലവരും സമീപിച്ചാൽതന്നെയും അയാളുടെ സംഭാഷണം കേൾക്കുമ്പോൾ തന്നെ അവർ വെറുത്തു തുടങ്ങും. തിരെച്ച കൊണ്ടുവന്ന പുസ്തകത്തിൻെറ കടലാസ് വല്ലതും മടങ്ങിയിരിക്കുന്നതായോ മററോ കണ്ടാൽ ഉടനെ അയാൾ ലഹള കൂട്ടുകയായി. "ഇങ്ങനെ പുസ്തകം ചീത്തയാക്കാനാണു ഭാവമെങ്കിൽ നിങ്ങൾക്കു തരാൻ ഇവിടെ പുസ്കമൊന്നുമില്ല." ഇതു കേൾക്കുമ്പോൾ തന്നെ വന്നയാളിൻെറ മനസ്സ് മടിക്കും. ഒരുവിധത്തിൽ സമാധാനിപ്പിച്ച് പുസ്തകം വാങ്ങാനയാൾ ശ്രമിക്കുന്നു എന്നിരിക്കട്ടെ. "'കർണ്ണഭൂഷണം' ഉണ്ടെങ്കിൽ തരു" എന്നയാൾ ആവശ്യപ്പെടുന്നു. "അതില്ലിവിടെ".

"എന്നാൽ 'സൂര്യകാന്തി' മതി"

"ഇങ്ങനെ ഇല്ലാത്ത പുസ്തകങ്ങളൊക്കെ ചോദിച്ചാൽ ഞാനെവിടുന്നു തരാനാ? അതാ ലിസ്റ്റിരിക്കുന്നു. നോക്കി അതിലുള്ളതു വല്ലതും വേണമെങ്കിൽ പറയൂ".

അയാൾ ലിസ്ററുനോക്കി 'ദുരവസ്ഥ' ആവശ്യപ്പെടുന്നു.

"അതു ബയൻറചെയ്യാൻ കൊടുത്തിരിക്കയാ"

"എന്നാൽ ചങ്ങമ്പുഴയുടെ 'ചൂഡാമണി'യെടുക്കു."

"അതാരോ കൊണ്ടുപോയി."

"എന്നാൽ എൻെറ 'ഗുരുനാഥൻ' മതി."

"അതിവിടെ കാണാനേ ഇല്ല. എവിടെയെന്നു അന്വേഷിക്കേണ്ടിയിരിക്കുകയാണു്."

വന്നയാൾ ഏകദേശം വെറുത്തുകഴിയും.

"പോകട്ടെ. 'ഉമാകേരളം' മതി ഇപ്പോൾ. അതെങ്കിലും കാണുമല്ലൊ."

ലൈബ്രേറിയൻ എണീററു് വളരെ വിഷമിച്ചൊരു പുസ്തകമെടുത്തു് മേശപ്പുറത്തിടുന്നു. 19-ാമത്തെ പേജുമുതൽ 164-ാമത്തെ പേജുവരെയുള്ള അതാണത്രെ ഉമാകേരളം! അതു വാങ്ങിയോ വാങ്ങാതെയോ വന്നയാൾ മടങ്ങിപ്പോകുന്നു. "അവിടെ ചില പുസ്തകങ്ങളുടെ പേരേ ഉള്ളു. പുസ്തകമൊന്നുമില്ല." എന്നയാൾ സ്വാനുഭവത്തിൽനിന്നുതന്നെ തൻെറ സ്നേഹിതന്മാരെ പറഞ്ഞു മനസ്സിലാക്കുന്നെങ്കിൽ അതിൽ എന്താണു തെററുള്ളതു്.?

കഴിവുള്ള ലൈബ്രേറിയൻ

'കണ്ണഭൂഷണം' ആവശ്യപ്പെട്ടപ്പോൾ തന്നെ അയാളുടെ അഭിരുചി മനസ്സിലാക്കി; "അതില്ല. ഉള്ളൂരിൻെറ തന്നെ 'ദീപാവലി'യുണ്ടു്, 'താരാഹാര'മുണ്ടു്, "കിരണാവലി"യുണ്ടു്, ഇതിലേതെങ്കിലും എടുക്കാം. 'കണ്ണഭൂഷണം' അടുത്ത പ്രാവശ്യം തരാൻ ശ്രമിക്കാം." എന്നു സൗമ്യമായി പറയുന്നപക്ഷം ഇപ്പറഞ്ഞതിൽ

ഏതെങ്കിലുമൊന്നു വാങ്ങിക്കൊണ്ടു് അയാൾ സംതൃപ്തനായിപ്പോകുകതന്നെ ചെയ്യും. ഗ്രന്ഥശാലയിൽ ഇല്ലാത്ത പുസ്തകങ്ങളുടെ പേർ അയാളെക്കൊണ്ടു പറയിക്കാതെ ഉള്ളവയുടെ പേർ അങ്ങോട്ടു പറഞ്ഞു് അതിലേതെങ്കിലുമൊന്നു് അയാളെക്കൊണ്ടു് വാങ്ങിപ്പിക്കാനാണു് സ്ഥാപനത്തെ സ്നേഹിക്കുന്ന ലൈബ്രേറിയൻ ശ്രമിക്കേണ്ടതു്. അങ്ങനെയാണെങ്കിലേ സ്ഥാപനത്തിൻെറ പ്രശസ്തി നിലനിൽക്കുകയുള്ളൂതാനും.

ഗ്രന്ഥശാലയിലെ പുസ്തകങ്ങളെല്ലാം വായിപ്പാനും അവയെപ്പററി ശരിയായ പരിചയം സമ്പാദിക്കുവാനും ലൈബ്രേറിയൻ ശ്രമിക്കണം. അങ്ങനെ പുസ്തകപാരായണത്തെ സംബന്ധിച്ചിടത്തോളം വായനക്കാരേക്കാൾ കുറേക്കൂടി ഉന്നതമായ ഒരു പടിയിൽ നില്ക്കുവാൻ ലൈബ്രേറിയൻ തയ്യാറാകണം. അത്യാവശ്യഘട്ടങ്ങളിൽ വായനക്കാക്കു് പുതിയ നിർദ്ദേശങ്ങൾ നൽകുന്നതിനും അവരുടെ ചില സംശയങ്ങളൊക്കെ പരിഹരിച്ചുകൊടുക്കുന്നതിനും അങ്ങനെയുള്ള ലൈബ്രേറിയൻ ശക്തനായിത്തീരും. അത്തരം ഒരു സ്ഥിതിയിൽ അയാൾ എത്തിയാൽ അതു് അയാൾക്കു് അളവററ ബഹുമതിയും പ്രശസ്തിയും ആജ്ജിച്ചുകൊടുക്കുകയും ചെയ്യും.

വായനക്കാരുടെ അഭിരുചിയെപ്പററി നേരിട്ടറിവാൻ സാധിക്കുന്നയാൾ ലൈബ്രേറിയൻ മാത്രമാണു്. അവരുടെ അഭിലാഷപൂത്തിക്കു് പുതുതായി ഏതെല്ലാം ഗ്രന്ഥങ്ങളാണു് സംഭരിക്കേണ്ടതെന്നു് ലൈബ്രേ

റിയന്നേ ശരിക്കറിയാൻ കഴിയൂ. അത്തരം പുസ്തകങ്ങൾ സംഭരിക്കുന്നതിന് ലൈബ്രേറിയൻ പരിശ്രമിക്കയും ഭരണസമിതിയെ അതിലേക്കു പ്രേരിപ്പിക്കുകയും ചെയ്യണം. അതുപോലെതന്നെ തീരെ മോശപ്പെട്ടന്ന പുസ്തകങ്ങൾ ബയൻറു ചെയ്യിച്ചു സൂക്ഷിക്കുന്ന കാര്യത്തിലും യഥാകാലം ലൈബ്രേറിയൻ ശ്രദ്ധിക്കണം.

ഗ്രന്ഥങ്ങൾ വായിക്കാൻ താല്പര്യമുള്ളവരും എന്നാൽ കൂടക്കൂടെ ഗ്രന്ഥശാലയിൽ വന്നുചേൎന്ന് അവ വാങ്ങിക്കൊണ്ടുപോകുന്നതിന് സൗകര്യമില്ലാത്തവരുമായ ആളുകൾ ആരെല്ലാമെന്ന് ലൈബ്രേറിയന് അചിരേണ മനസ്സിലാക്കുവാൻ സാധിക്കും. അങ്ങനെയുള്ളവൎക്ക് അവരുടെ അഭിരുചിക്കനുസരണമായ പുസ്തകങ്ങൾ അവരുടെ വസതികളിൽ എത്തിച്ചുകൊടുക്കുന്നതിനുള്ള പ്രായോഗിക പരിപാടികൾ ലൈബ്രേറിയൻ നിശ്ചയിക്കുകയും ഭരണസമിതിയുടെ അനുവാദത്തോടുകൂടി അവ പ്രായോഗികമാക്കുകയും ചെയ്യുന്നതു് കൂടുതൽ ഫലപ്രദമായിരിക്കും.

പ്രധാന റിക്കാർഡുകൾ

പുസ്തകങ്ങളുടെ സ്റ്റോക്കു രജിസ്റ്റർ, * തരംതിരിച്ച പുസ്തകരജിസ്റ്റർ, വായിക്കാൻ കൊടുക്കുന്ന പുസ്തകങ്ങളുടെ രജിസ്റ്റർ * എന്നിവ ലൈബ്രേറിയൻെറ ചുമതലയിൽ ഇരിക്കുന്ന പ്രധാന റിക്കാർട്ടുകളാണു്. ഇവ

*ഇവ രണ്ടിൻേറയും മാതൃകകൾ അവസാനമായി ചേൎത്തിട്ടുണ്ടു്.

യെല്ലാം എപ്പോഴും പൂർത്തിയായും വൃത്തിയായും ഇരിക്കുന്നതു് ലൈബ്രേറിയനു് അഭിമാനകരമാകുന്നു. തരംതിരിച്ചുള്ള പുസ്തക രജിസ്റ്റർ കൂടെക്കൂടെ, കുറഞ്ഞപക്ഷം ആണ്ടിലൊരിക്കലെങ്കിലും മാറി എഴുതേണ്ടതായി വരും. കഴിയുന്നത്ര കൂടുതൽ ഇനങ്ങളായി തരംതിരിക്കുക; തരംതിരിച്ചശേഷം ഓരോവകുപ്പിലും പെടുന്ന പുസ്തകങ്ങൾ അകാരാദിക്രമത്തിനു് എഴുതിയിരിക്കുക; പുതുതായി ലഭിക്കുന്ന പുസ്തകങ്ങളെല്ലാം അതാതവസരത്തിൽ യഥാസ്ഥാനത്തു് ചേർത്തിരിക്കുക എന്നീ കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കണം. വായിക്കാൻവേണ്ടി പുസ്തകങ്ങൾ കൊടുത്തയക്കുമ്പോൾ അതിലേക്കുള്ള രജിസ്റ്ററിലെ കാളങ്ങൾ പൂരിപ്പിക്കാനും വാങ്ങുന്നയാളിനെക്കൊണ്ടു് അതിൽ ഒപ്പിടുവിക്കാനും അമാന്തിക്കരുതു്. രജിസ്റ്ററിൽ രേഖപ്പെടുത്താതെ യാതൊരു പുസ്തകവും ഗ്രന്ഥശാലയ്ക്കു പുറത്തു കൊടുത്തയയ്ക്കുകയില്ലെന്നുള്ള നിർബ്ബന്ധബുദ്ധി അത്യാവശ്യമാണു്. ഏതവസരത്തിൽ ചെക്കുചെയ്താലും സ്റ്റോക്കും രജിസ്റ്ററും അനുസരിച്ചു് പുസ്തകങ്ങൾ ഗ്രന്ഥശാലയിൽ കാണാൻ കഴിയണം. അംഗങ്ങളോടും വായനക്കാരോടും സ്നേഹവും താല്പര്യവും ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണെങ്കിലും ഇക്കാര്യത്തിൽ ഔദ്യോഗികനിലയിൽ പാലിക്കേണ്ട കൃത്യനിഷ്ഠയ്ക്കും കണിശത്തിനും ലോപം സംഭവിക്കാൻ പാടില്ല.

വായനമുറിയിൽ

ഗ്രന്ഥശാലയോടനുബന്ധിച്ച് വായനശാലകൂടി ഉണ്ടായിരിക്കയും അതിന്റെ ചുമതല വഹിപ്പാൻ പ്ര

ത്യേകം ആരം ഇല്ലാതിരിക്കയും ചെയ്യുമ്പോരം ലൈബ്രേറിയൻതന്നെ വായനശാലയിലെ കാര്യങ്ങരംകൂടി നോക്കേണ്ടതായി വരും. നമ്മുടെ ഗ്രന്ഥശാലകളിലെല്ലാം ഇപ്പോരം സാധാരണ അനുഭവപ്പെടുന്നതു് അങ്ങനെയാണു്. ആ ചുമതലകൂടി വഹിക്കേണ്ടിവരുന്ന ലൈബ്രേറിയൻ പത്രങ്ങരം മുതലായതു് കഴിയുന്നത്ര നേരത്തെ വായനശാലയിൽ എത്തിക്കുന്നതിലും അടുത്തലക്കം കിട്ടുന്നതുവരെ അതു് വായനശാലയിൽ ഇട്ടുകൊണ്ടിരിക്കുന്നതിലും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ആനുകാലികപ്രസിദ്ധീകരണങ്ങളുടെ രജിസ്റ്ററും വായിക്കുവാൻ വരുന്നവർ പേരെഴുതുവാൻ വച്ചിട്ടുള്ള രജിസ്റ്ററും കൂടി അപ്പോരം ലൈബ്രേറിയൻെറ ചുമതലയിൽ വരും. ഒരു ബ്ളാക്കു്ബോർഡുണ്ടായിരിക്കയോ ഭിത്തിയിൽ ഒരു പ്രധാനഭാഗം താറടിച്ചു് കറുപ്പിക്കുകയോ ചെയ്തു് അന്നന്നത്തെ പ്രധാനവാർത്തകരം അവിടെ രേഖപ്പെടുത്തിയിടുന്നതിലും ലൈബ്രേറിയൻ ഔത്സുക്യം പ്രദർശിപ്പിക്കണം.

ആത്മീയസംതൃപ്തി

ശാരീരികമായ ദൗർബ്ബല്യം തീർക്കുവാൻ നാം പല മാർഗ്ഗങ്ങളേയും അവലംബിക്കാറുണ്ടു്. ഇതുപോലെ തന്നെ മാനസികമായ ദൗർബ്ബല്യത്തെ പരിഹരിക്കുന്നതിനും പല മാർഗ്ഗങ്ങരം സ്വീകരിക്കേണ്ടതായുണ്ടു്. അവയിൽ വളരെ പ്രാധാന്യത്തെ അർഹിക്കുന്ന ഒന്നാണു് സൽഗ്രന്ഥപാരായണം. ശാരീരികമായി ആരോ

ഗ്യം നേടുന്നതിനു് നാം ഭിഷഗ്വരന്മാരുടെ സഹായം തേടുന്നു. സമർത്ഥനായ ഒരു ഡോക്ടർക്കു് നമ്മുടെ ശാരീരികമായ ആരോഗ്യം എങ്ങനെ പോഷിപ്പിക്കുവാൻ സാധിക്കുമോ അതുപോലെതന്നെ, സമർത്ഥനായ ഒരു ലൈബ്രേറിയനു് നമ്മുടെ മാനസികമായ ആരോഗ്യം പോഷിപ്പിക്കുവാനും കഴിയും. നമുക്കെന്തെങ്കിലും ഒരാവശ്യം നേരിടുമ്പോൾ ഏററവും സമർത്ഥനായ ഡോക്ടർ എവിടെയാണുള്ളതെന്നു് നാം അന്വേഷിക്കാറുണ്ടു്. നമ്മുടെ അടുത്തുള്ള ആസ്പത്രിയിൽ സമർത്ഥനായ ഒരു ഡോക്ടറാണുള്ളതെങ്കിൽ നാം അതിലഭിമാനം കൊള്ളാറുണ്ടു്. മററവിടത്തിലുള്ള ഒരാളാണവിടെയുള്ളതെങ്കിൽ പകരം സമർത്ഥനായ ഒരാൾ വന്നാൽ കൊള്ളാമെന്നു് നാം ആഗ്രഹിക്കാറുമുണ്ടു്. പക്ഷേ നമ്മുടെ മാനസികാരോഗ്യത്തെ സംരക്ഷിക്കേണ്ട ലൈബ്രേറിയനെ സംബന്ധിച്ചിടത്തോളം നാം ഇത്രയൊന്നും ചിന്തിക്കാറില്ല. അതിൻെറ ഫലം നാം അനുഭവിക്കുകയുംചെയ്യുന്നു.

നമ്മുടെ ലൈബ്രേറിയിൽ ഏററവും സമർത്ഥനായ ലൈബ്രേറിയൻ ഉണ്ടാകണമെന്നു നാം ആഗ്രഹിക്കുക; അതിന്നായി പ്രയത്നിക്കുക; അതിനു സാദ്ധ്യമില്ലെങ്കിൽ സമർത്ഥനായ ലൈബ്രേറിയൻ ഉള്ള ലൈബ്രേറിയെ സമീപിക്കുക. ഇക്കാര്യത്തിൽ ജനസാമാന്യത്തിനു് അതിയായ ശ്രദ്ധാന്തിയുണ്ടാകുമ്പോൾ കാലക്രമത്തിലെങ്കിലും ആശാസ്യമായ ഒരു സ്ഥിതി വന്നുചേരാതിരിക്കയില്ല.

ആകെക്കൂടി നോക്കുമ്പോൾ ഒരു ലൈബ്രറിയുടെ സർവ്വവിധമായ വിജയത്തിനും ഹേതുഭൂതനായിത്തീരുക ലൈബ്രേറിയനാണെന്നും അതിനുള്ള എല്ലാ കഴിവുകളും അയാളിലാണു് കേന്ദ്രീകരിക്കുന്നതെന്നും സിദ്ധിക്കുന്നു. ആത്മാർത്ഥതാസമ്പന്നനും, സുമുഖനും, കൃത്യനിഷ്ഠ, സത്യസന്ധത, ജ്ഞാനതൃഷ്ണ മുതലായ ഗുണങ്ങളുള്ളവനുമായ ഒരു ലൈബ്രേറിയനു് ഏററവും ആനന്ദപ്രദമായ വിധത്തിൽ സമയം കഴിച്ചുകൂട്ടുവാനും പൊതുജനങ്ങളുടെ സ്നേഹവും ബഹുമതിയും നേടുവാനും കഴിയുമെന്നുള്ളതിനു സംശയമില്ല ലോകോപകാരപ്രദമായ പ്രവൎത്തനംമൂലം ആത്മീയമായ ഒരു സംതൃപ്തിക്കും അയാൾ അവകാശിയായിത്തീരും.

Form C

……………ഗ്രന്ഥശാല……………പുസ്തക സ്റ്റോക്ക രജിസ്റ്റർ

നമ്പർ	പുസ്തകത്തിൻെറ പേരു്	ഗ്രന്ഥകാരൻെറയോ പ്രസാധകൻെറയോ പേരു്	വട്ടം	കിട്ടിയ തീയതി	എവിടെനിന്നു കിട്ടി എന്നു്	വാല്യം നമ്പർ	വില ക. ണ. സ.			കുറവു ചെയ്ത തീയതി	കാരണം

Form E

……………ഗ്രന്ഥശാല………………ഗ്രന്ഥ വിതരണ രജിസ്റ്റർ

ക്രമ നമ്പർ	തിയതി	പുസ്തകത്തിൻെറ		വാങ്ങിയ അംഗത്തിൻെറ			തിരികെ വന്ന തിയതി	സെക്രട്ടറിയുടെ ഒപ്പു്	റിമാർക്സ്
		നമ്പർ	പേരു്	നമ്പർ	പേരു്	ഒപ്പു്			

ശ്രീനരസിംഹവിലാസം ബുക്കുഡിപ്പോ
തുറവൂർ T. C. S.
സ്വന്തം പ്രസിദ്ധീകരണങ്ങൾ

ഡിററക്ടീവ് —	ക	ണ
അത്ഭുതംനിറഞ്ഞ താക്കോൽ — ബി. ജി. കുറുപ്പ്	1	12
അപസർപ്പകവീരൻ — ടി. കെ. മാധവൻ പിള്ള	2	4
അമ്പലക്കുന്നിലെ നിക്ഷേപം — ബി. ജി. കുറുപ്പ്	0	10
അവളുടെ അത്ഭുതമരണം — എം. ആർ. നാരായണ പിള്ള	1	0
അവിശ്വാസം — ബി. ജി. കുറുപ്പ്	2	0
അറബിക്കടലിലെ തലയോട്ട് — കിസാൻ	1	0
ആസാം ഹിററ്ലർ — ബി. ജി. കുറുപ്പ്	1	8
ഉരുക്കുമനുഷ്യന്റെ രഹസ്യം — പി. എസ്. നീലകണ്ഠൻ	1	4
ഏ. ബി. സി. കൊലപാതകങ്ങൾ — പ്രിൻസ്	1	0
കനകകുമാരി — പി. കെ. സദാനന്ദൻ	0	8
കപാലസംഘത്തലവൻ — ഗോപിനാഥൻ തമ്പി	1	4
കല്ലറയിലെ കൊല — ബി. ജി. കുറുപ്പ്	2	0
കാണാതായ രഹസ്യരേഖ — ബി. ജി. കുറുപ്പ്	1	12
കോട്ടയിലെ രഹസ്യങ്ങൾ — ബി. ജി. കുറുപ്പ്	2	0
ചിരിച്ചുമരിച്ച സുന്ദരിമാർ — പി. എ. തമ്പി	0	12
ഡയറിയിലെ രഹസ്യം — പി. എ. പോൾ	1	0
പെണ്ണിന്റെ ചുണ — ബി. ജി. കുറുപ്പ്	2	0
പെരുവഴിയിലെ പ്രേതം — ആർ. സി. ശർമ്മ	3	0
പ്രേതങ്ങളുടെ താഴ്വര — ചന്ദ്രൻ ചേലാട്ട്	1	4
ബാരിസ്റ്റർ ഹരിഹരൻ — ഡി. ആർ. തമ്പി	0	12
മലഞ്ചരിവിലെ ഭൂതം — ഏ. ഡി. ഹരിശർമ്മ	1	0
വിചിത്രമോഷണം — ബി. ജി. കുറുപ്പ്	0	12
വേലക്കാരിയുടെ ഗതി — എം. ആർ. നാരായണ പിള്ള	1	8
സാരിത്തുമ്പിൽ പാവാടക്കാരി — സൈലം	1	8
സുഷമ — ബി. ജി. കുറുപ്പ്	1	12

	ക	ണ
നോവൽ—		
അമരമോഹിനി — ഭക്തിയൂർ രാമകുമാരൻ	1	4
അവളോ വേശ്യ — ബി. ജി. കുറപ്പ്	1	0
ആത്മഹത്യയ്ക്കുശേഷം — കെ എം. തരകൻ	0	14
ആനന്ദസാഗരം — സി. മാധവൻ പിള്ള	2	8
ഇരുൾനീങ്ങി — മിസ് ജെ. ആർ. ജോഷ്വ	1	0
എക്സ്റെ — ആർ. മാധവപ്പൈ	2	0
കുലസ്ത്രീ — ബങ്കിം ചന്ദ്രചാററർജി	1	12
ഗിരിജാകുമാരി — ഇലാചന്ദ് ജോഷി	3	0
ഡാക്ടറുടെ മകൾ — ചേലാട്ട് പത്മാസനൻ	0	14
തടിച്ച വേശ്യ — മോപ്പസാങ്	1	0
തൂപ്പുകാരി — ജി. പി. നായർ	0	10
നല്ലവനായ തെമ്മാടി — കെ. പി നായർ	2	0
പുനർജ്ജന്മം — മിസ് ജെ. ആർ. ജോഷ്വ	1	8
പുരോഹിതൻ — മോപ്പസാങ്	0	14
ഭടന്റെ ഭാര്യ ഒന്നാംഭാഗം — സി. മാധവൻ പിള്ള	2	4
ഭടന്റെ ഭാര്യ രണ്ടാംഭാഗം — സി. മാധവൻ പിള്ള	2	4
ഭടന്റെ ഭാര്യ മൂന്നാംഭാഗം — സി. മാധവൻ പിള്ള	2	8
മനംപോലെമംഗല്യം — ജി. ശിവശങ്കരപ്പിള്ള	1	4
മോഹിനീകിശോരൻ — എസ്. ഗോപാലപ്പിള്ള	0	14
വേശ്യയുടെ മകൾ — അബ്ബാസ്	0	8
സന്ന്യാസി ഒന്നാംഭാഗം — ഇലാചന്ദ് ജോഷി	2	8
സന്ന്യാസി രണ്ടാംഭാഗം — ഇലാചന്ദ് ജോഷി	2	8
സരസ്വതി — ബി.ജി. കുറപ്പ്	1	0
നീണ്ടകഥ—		
അപരാധിനി — ആർ മാധവപ്പൈ	0	4
അംബുജം — എ. ഡി. നാരായണശർമ്മ	0	4
അമ്മായിഅമ്മ — ആർ. മാധവപ്പൈ	0	4
ഇരുക്കാലിമൃഗം — കെ. പി. ദാസ്	0	4
പ്രേമമുദ്ര — എൽ. ജി. ശേണായ്	0	6

ചെറുകഥകൾ—	ക	ണ
അഭിലാഷങ്ങൾ — ജി. പി. നായർ	0	8
അവർ മനുഷ്യരായി — എസ്. കെ. ആർ. കമ്മത്ത്	1	4
അശ്രുധാര — ജി. പത്മനാഭക്കമ്മത്ത്	1	0
ഉടയാത്ത കുടം — പുളിമൂട്ടിൽ	1	0
ഒഴിഞ്ഞ കസേര — എൻ. ഗോവിന്ദൻകുട്ടി	1	0
കഥാകുസുമങ്ങൾ — ആർ. സി. ശർമ്മ	0	12
കല്യാണരാത്രി — മുട്ടത്തു വർക്കി	1	4
ജയിൽപ്പുള്ളി — പി. കെ. വാസുദേവൻ നായർ	1	0
ജീവിതത്തിന്റെ വിത്തുകൾ — എൻ. ഗോവിന്ദൻ കുട്ടി	1	0
ജീവിതവല്ലി — പലർ	1	4
ത്രിലോകസുന്ദരി — ബി ജി. കുറുപ്പ്	1	4
ദീപവും ജ്വാലയും — പുളിമൂട്ടിൽ	1	0
ദൂധ്‌വാലി — എൻ. ഗോവിന്ദൻകുട്ടി	1	4
നടിയുടെ ചിത്രം — ദാസ് ചെറായി	1	4
നർത്തകി — എൻ. ഗോവിന്ദൻകുട്ടി	1	4
നാടൻ മദാമ്മ — എം. കെ. നായർ	0	12
നീർച്ചുഴി — ടാററാപുരം സുകുമാരൻ	0	12
പാവത്തിന്റെ ഭാഗ്യം — ടി. പി. രാമകൃഷ്ണപിള്ള	0	12
പൂഞ്ചോല — എസ്. കെ. ആർ. കമ്മത്ത്	1	4
പെൺചെന്നായ് — ടി. കെ. സി. വടുതല	1	4
പ്രണാമം — ചെറിയാൻ ആൻഡ്രൂസ്	1	0
മഞ്ഞുപെയ്യുന്ന രാത്രി — മുഹമ്മദ് എ[illegible]ച്ചാൽ	1	0
രസികൻ കഥകൾ — എ. ഡി. ഹരിശർമ്മ	1	0
ലീലാഞ്ജലി — കമുകറ ലീലാഭായി	1	4
ലേഡിടൈപ്പിസ്റ്റ് — പി. കെ. വാസുദേവൻനായർ	1	0
വിനോദരശ്മികൾ — കുട്ടംപേരൂർ നമ്പൂരിപ്പാട്	0	8
വെട്ടും തിരുത്തും — വയലാർ രാമവർമ്മ	1	0
സംസാരിക്കുന്ന മൃഗങ്ങൾ — വള്ളംകുളം പി. ജി. പിള്ള	1	0
സാഹസിക — വേളൂർ കെ. സി. തോമസ്	1	0
സഞ്ചാരകഥ—		
എന്റെ കാശിയാത്ര — വെണ്മണി ശങ്കരവാര്യർ	1	0

കവിത—	ക	ണ
അന്തിപ്പൂക്കാം — എം. കെ. നായർ	0	12
പാദമുദ്രകൾ — വയലാർ രാമവർമ്മ	0	8
ഭടന്റെ ഓമന — എം. കെ. വാസുദേവൻ	0	4
മഹാത്മജി — വി. എസ്. ആൻഡ്രൂസ്	0	10
യമുനാഘട്ടം — ജഗതി വേലായുധൻ നായർ	0	8
വ്യാമോഹം — അയിരൂർ സി. മാധവൻ പിള്ള	1	0
സന്ദേശം — എം. എസ്. ചന്ദ്രശേഖരവാര്യർ	0	12
നാടകം—		
അക്ബർ മഹാൻ — വി. എസ്. ആൻഡ്രൂസ്	1	4
ആഗ്രഹം — ടി. എ. പത്മനാഭൻ	1	0
കർഷകനും നരകത്തിൽ — ടോൾസ്റ്റോയി	0	8
കൽത്തുറുങ്കിലേക്ക് — കെ. കെ. എസ്. പുന്നുരുന്തി	0	8
കാണാത്ത നാടകം — ജി. വി. പുത്തനങ്ങാടി	0	14
കാളേജിലെ കാമുകൻ — പി. എ. പോൾ	0	10
ഗാന്ധിജയന്തി — എം. രാമകൃഷ്ണപിള്ള	0	14
ചിതറിയ ചോര — മണികണ്ഠൻ വൈക്കം	0	12
ചുററിക — മഹാകവി പള്ളത്ത്	1	4
ചെകുത്താൻ വക്കീൽ — എസ്. എൻ. നായർ	0	12
ചേച്ചിയുടെ ചികിത്സ — പുളിമൂട്ടിൽ	1	0
ഡാക്ടർ — കരോട്ട് ജനാർദ്ദനൻ	0	12
തകർന്ന തറവാട് — പുളിമൂട്ടിൽ	1	12
ദേവനർത്തകി — ശ്രായിക്കാട്ട് നിലാംബരൻ	1	8
നേരും നുണയും — പുളിമൂട്ടിൽ	0	12
പുലരി — വി. കെ. പവിത്രൻ	1	0
പ്രേമസീമ — പി. എൻ. പെരുമ്പളം	0	12
രാമരാജ്യം — വി. എസ്. ആൻഡ്രൂസ്	1	0
വെണ്ണിലാവ് — സി. മാധവൻപിള്ള	1	0
ശോകമുദ്ര — എൻ. പി. പുന്തല	0	12

	ക	ണ
സഹകരണസാഹിത്യം—		
നമ്മുടെ സഹകരണസംഘങ്ങൾ — ആർ. മാധവപ്പൈ	0	4
വായ്പസഹായി — ആർ. മാധവപ്പൈ	0	4
സഹകരണദീപിക — ആർ. മാധവപ്പൈ	1	2
സഹകരണപ്രവേശിക — ആർ. മാധവപ്പൈ	0	14
ജീവചരിത്രം—		
ജതീൻദാസ് — ആർ. മാധവപ്പൈ	0	12
നാരായണഗണേശചന്ദാവക്കർ — ഏ. രാമപ്പൈ	0	3
ഭാഷാകവികൾ ഒന്നാംഭാഗം — ഏ. ഡി. ഹരിശർമ്മ	1	4
ശ്രീമത് സുകൃതീന്ദ്ര തീർത്ഥസ്വാമികൾ — ആർ. മാധവപ്പൈ	0	8
സാഹിത്യകുശലൻ ശേഷഗിരിപ്രഭു — ആർ. മാധവപ്പൈ	1	0
ഗ്രന്ഥശാലാസാഹിത്യം—		
ലൈബ്രേറിയൻ — ആർ മാധവപ്പൈ	0	4
വയോജനവിദ്യാഭ്യാസം — ആർ. മാധവപ്പൈ	0	6
മതം, പുരാണം—		
ആത്മാവും മോക്ഷവും — സ്വാമി സുവിചാരാനന്ദ	0	4
ഭഗവദ്ഗീത ഭാഷാഗദ്യം — ഏ. രാമപ്പൈ	1	0
മാതൃകാക്ഷരമാല (ശ്രീകൃഷ്ണസ്തോത്രം) — പത്മനാഭഭട്ട്	0	4
വേദവ്യാസൻ — എം. ശേഷഗിരിപ്രഭു	0	4
സ്വധർമ്മസുധ — സുധീന്ദ്രതീർത്ഥസ്വാമികൾ	0	4
വൈദ്യം—		
കുടുംബവൈദ്യസംഗ്രഹം — എസ്. ഏ പിള്ള	1	0
ഗുളികായോഗങ്ങൾ — എസ്. ഗോപാല പിള്ള	0	12
ചരിത്രം—		
സാരസ്വതചരിത്രം — ഏ. രാമപ്പൈ	0	8
പാചകം—		
പായസപാചകം — കെ. ഭാരതിഅമ്മ	0	6
ദാമ്പത്യം—		
സന്താനപ്രശ്നം — ഡാക്ടർ കെ. ആർ. ശങ്കുണ്ണിനായർ	0	12

	ക	ണ
സ്മാരകഗ്രന്ഥം—		
മഹാകവി പള്ളത്തുസ്മാരകോപഹാരം	5	0
സാഹിത്യവിമർശം—		
പണ്ഡിതസദസ്സ് — ഏ. ഡി. ഹരിശർമ്മ	1	0
സാഹിത്യസമീക്ഷ — ഏ. ഡി. ഹരിശർമ്മ	1	8
ബാലസാഹിത്യം—		
ഗ്രേഡ് 1		
കണക്കുപാഠങ്ങൾ — കെ. എസ്സ്. ധർമ്മരാജയ്യർ	0	3
കഥനപാഠങ്ങൾ ഒന്നാംഭാഗം — സൂര്യനാരായണപ്പിള്ള	0	3
കഥനപാഠങ്ങൾ രണ്ടാംഭാഗം — സൂര്യനാരായണപ്പിള്ള	0	3
ചിത്രകഥാവലി ഒന്നാംഭാഗം — ടി. എം. രാമൻപിള്ള	0	3
ചിത്രകഥാവലി രണ്ടാംഭാഗം — ടി. എം. രാമൻപിള്ള	0	3
പൗരജീവിതം ഒന്നാംഭാഗം — എം. ഗോവിന്ദപ്പണിക്കർ	0	3
ബാലാരാമം — ആർ. മാധവപ്പിള്ള	0	3
ഗ്രേഡ് 2		
കഥനപാഠങ്ങൾ മൂന്നാംഭാഗം — സൂര്യനാരായണപ്പിള്ള	0	4
കഥനപാഠങ്ങൾ നാലാംഭാഗം — ആർ. മാധവപ്പിള്ള	0	4
കളികൾ — ആർ. മാധവപ്പിള്ള	0	4
ചിത്രകഥാവലി മൂന്നാംഭാഗം — ടി. എം. രാമൻപിള്ള	0	4
തങ്കപ്രതിമ — എം. സുനന്ദാഭായി	0	4
പൗരജീവിതം രണ്ടാംഭാഗം — എം. ഗോവിന്ദപ്പണിക്കർ	0	4
ഫൗണ്ടൻപേന — ആർ. മാധവപ്പിള്ള	0	4
റോസുഗീത — പന്തളം രാഘവപ്പണിക്കർ	0	4
ഗ്രേഡ് 3		
ചരിത്രപാഠങ്ങൾ — ആർ. മാധവപ്പിള്ള	0	6
മാലിനിയുടെ തോട്ടം — ആർ. ആർ. പ്രഭു	0	6
ഗ്രേഡ് 4		
ജാലവിദ്യകൾ — ആർ. മാധവപ്പിള്ള	0	8
പറക്കുന്ന കുതിര — എം. ആർ. നാരായണപിള്ള	0	8

ഗ്രന്ഥശാലാ റിക്കാർഡുകൾ

തിരുവിതാംകൂർകൊച്ചി ഗ്രന്ഥശാലാസംഘത്തിൻെറ നിർദ്ദേശപ്രകാരം സംഘം അംഗീകരിച്ച രൂപത്തിൽ തുറവൂർ ആർ. മാധവപ്പൈ തയാറാക്കിയ ഗ്രന്ഥശാലാ റിക്കാർഡുകൾ എല്ലാത്തരവും വില്പനയ്ക്കുണ്ട്.

A. അംഗരജിസ്റ്റർ

		ക	ണ
കൂടിയതു്	1 കായർ	1	12
	2 കായർ	3	8
	3 കായർ	5	0
	4 കായർ	7	0
താണതരം	1 കായർ	1	8
	2 കായർ	3	0
	3 കായർ	4	8
	4 കായർ	6	0

B. പ്രവേശനാപേക്ഷ

100 ന്	1	8

C. പുസ്തകസ്റ്റോക്കുരജിസ്റ്റർ

കൂടിയതു്	1 കായർ	1	12
	2 കായർ	3	8
	3 കായർ	5	0
	4 കായർ	7	0
താണതരം	1 കായർ	1	8
	2 കായർ	3	0
	3 കായർ	4	8
	4 കായർ	6	0

D. വായനക്കാരുടെ രജിസ്റ്റർ

		ക	ണ
കൂടിയതു്	1 കായർ	1	12
	2 കായർ	3	8
	3 കായർ	5	0
	4 കായർ	7	0
താണതരം	1 കായർ	1	8
	2 കായർ	3	0
	3 കായർ	4	8
	4 കായർ	7	0

E. ഗ്രന്ഥവിതരണ രജിസ്റ്റർ

കൂടിയതു്	1 കായർ	1	12
	2 കായർ	3	8
	3 കായർ	5	0
	4 കായർ	7	0
താണതരം	1 കായർ	1	8
	2 കായർ	3	0
	3 കായർ	4	8
	4 കായർ	6	0

F. മാസവരിരജിസ്റ്റർ

1 കായർ ബുക്ക്	2	0

G. നാൾവഴി

കൂടിയതു്	1 കായർ	1	12
	2 കായർ	3	8
	3 കായർ	5	0
	4 കായർ	7	0
താണതരം	1 കായർ	1	8
	2 കായർ	3	0
	3 കായർ	4	8
	4 കായർ	6	0

H. പേരേട്

കൂടിയതു്	1 ക്വയർ	1	12
	2 ക്വയർ	3	8
	3 ക്വയർ	5	0
	4 ക്വയർ	7	0
താണതരം	1 ക്വയർ	1	8
	2 ക്വയർ	3	0
	3 ക്വയർ	4	8
	4 ക്വയർ	6	0

I. ഇൻവേഡ് രജിസ്റ്റർ

കൂടിയതു്	1 ക്വയർ	1	12
	2 ക്വയർ	3	8
	3 ക്വയർ	5	0
	4 ക്വയർ	7	0
താണതരം	1 ക്വയർ	1	8
	2 ക്വയർ	3	0
	3 ക്വയർ	4	8
	4 ക്വയർ	6	0

J. ഔട്ടുവേഡ് രജിസ്റ്റർ

കൂടിയതു്	1 ക്വയർ	1	12
	2 ക്വയർ	3	8
	3 ക്വയർ	5	0
	4 ക്വയർ	7	0
താണതരം	1 ക്വയർ	1	8
	2 ക്വയർ	3	0
	3 ക്വയർ	4	8
	4 ക്വയർ	6	0

K. രസീതുബുക്ക്

100 രസീതു് കൂടിയതരം	0	10
താണതരം	0	8

L. അക്വിററൻസ് റോൾ

ഒന്നിനു്	1	0

M. ഉപകരണ രജിസ്റ്റർ

ഒന്നിനു്	0	6

N. മാസാന്ത്യക്കണക്ക്

100 ഫാറത്തിനു്	2	8
24 മാസത്തേക്കുള്ള ഒരു ബുക്കിനു്	0	12

O. ഗ്രന്ഥവിതരണ പേരേട്

കൂടിയതു്	1 ക്വയർ	1	12
	2 ക്വയർ	3	8
	3 ക്വയർ	5	0
	4 ക്വയർ	7	0
താണതരം	1 ക്വയർ	1	8
	2 ക്വയർ	3	0
	3 ക്വയർ	4	8
	4 ക്വയർ	6	0

P. പത്രമാസികാരജിസ്റ്റർ

ഒന്നിനു്	1	0

Q. ഗ്രാൻറപേക്ഷാഫാറം

ഒരു ഡസനു്	0	6

R. ഇൻസ്പെക്ഷൻ ഡയറി

1 ക്വയർ ബുക്ക്	2	0
½ ക്വയർ ബുക്ക്	1	0

4ക്വയർ ബുക്ക് എല്ലാംതന്നെ തുകൽ ബൈൻറിലുള്ളവയാണ്.

56
[illegible]
0
[illegible]
6
[illegible]
8
12

12
8
0
0
8
0
8
0
[illegible]
0
[illegible]
6

0
0

[illegible].

ഗ്രന്ഥശാലാസാഹിത്യത്തിൽപ്പെട്ട മറെറാരു ഗ്രന്ഥം

വയോജനവിദ്യാഭ്യാസം

ഒരു പ്രമുഖ പത്രഗ്രന്ഥം പറയുന്നു—

“............ഗ്രന്ഥശാലകൾ, ഗ്രന്ഥശാലാസംഘം, വിദ്യാഭ്യാസ കേന്ദ്രങ്ങളായിത്തീരുവാൻ ഗ്രന്ഥശാലകൾക്കുള്ള കഴിവു്, വയോജനവിദ്യാഭ്യാസം, അതിന്നു് ലോകത്തിന്റെ നാനാഭാഗങ്ങളിൽ ഉണ്ടായിട്ടുള്ള പുരോഗതി, ഭാരതഭൂമിയിലെ അനുഭവങ്ങൾ, നമ്മുടെ നാട്ടിലെ സാക്ഷരത്വം, വയോജനവിദ്യാഭ്യാസം പ്രായോഗികമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, അക്കാര്യത്തിൽ ഗ്രന്ഥശാലകൾ വഹിക്കേണ്ട പങ്കു്, സ്ത്രീജനങ്ങളെ ഇതിലേക്കാകർഷിക്കേണ്ടവിധം എന്നിങ്ങനെ അവശ്യവിജ്ഞേയങ്ങളായ ഒട്ടധികം കാര്യങ്ങളെപ്പററി നാതിസംക്ഷേപമായി ഇതിൽ പ്രതിവാദിച്ചിട്ടുണ്ടു്. വയോജനവിദ്യാഭ്യാസത്തെപ്പററി ഒരു ഉപന്യാസമെഴുതി അഖില തിരുവിതാംകൂർ ലൈബ്രറി കാൺഫറൻസിൽ നിന്നും സമ്മാനം നേടിയ ശ്രീ. ആർ. മാധവപ്പൈയുടെ അതേ വിഷയത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഈ ഗ്രന്ഥം ഗ്രന്ഥശാലാപ്രണയികളുടെ സാർവ്വത്രികമായ സ്വീകാരത്തിനു പാത്രീഭവിക്കുമെന്നുതന്നെ ഞങ്ങൾ വിശ്വസിക്കുന്നു............”

വില ആറണ മാത്രം

ശ്രീനരസിംഹവിലാസം ബുക്കുഡിപ്പോ, ഇറവൂർ – T. C. S.